LIBRARY ARCHIVES Kerala Legislative Assembly

ഗസ്റ്റ് ലക്ചറർമാരും കോളേജ് അക്രഡിറ്റേഷനും

112 [695] *ശ്രീ. കെ. എ. ചന്ദ്രൻ:*

,, *വി. ജെ. പൗലോസ്:*

,, *ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ എത്ര ഗസ്റ്റ് ലക്ചറർമാർ നിലവിലുണ്ട്; ഇവരിൽ എത്ര പേർ പി.ജി. ക്ലാസ്സുകളിൽ പഠിപ്പിക്കുന്നു;

(ബി) ഗസ്റ്റ് ലക്ചറർമാർ പഠിപ്പിക്കുന്ന എത്ര കോളേജുകൾക്ക് യു.ജി.സി. അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്;

(സി) കോളേജുകളുടെ ഉന്നതമായ സ്ഥാനവും യശ്ശസും അക്രഡിറ്റേഷൻ നൽകുന്ന കാര്യത്തിൽ യു.ജി.സി. കണക്കിലെടുക്കാറുണ്ടോ;

(ഡി) ഗസ്റ്റ് ലക്ചറർ സമ്പ്രദായം സ്വീകരിക്കുന്നപക്ഷം കോളേജുകൾക്ക് അവയുടെ അക്കാഡമിക് കാര്യത്തിൽ ഉന്നത മാനദണ്ഡം പുലർത്തുന്നതിന് സാധിക്കുമോ?

ഉത്തരം

(എ) & (ബി) ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നത് അതാത് കോളേജ് പ്രിൻസിപ്പൽമാരാണ്. വിവരം കോളേജുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നതുകൊണ്ട് അക്കാദമിക് കാര്യത്തിൽ കോളേജുകൾ പിന്നോക്കം പോകുന്നതായി കരുതുന്നില്ല.

കമ്മ്യൂണിറ്റികോട്ട അർഹതയുടെ അടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കുന്നതിന് നടപടി

113 [696] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതന്യൂനപക്ഷവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് 20% മാനേജ്മെന്റ് കോട്ടയും, 20% കമ്മ്യൂണിറ്റി കോട്ടയും നിജപ്പെടുത്തിയിട്ടുണ്ടോ;